കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

പ്രവചന കാലയളവ് 16.04.2025 മുതൽ 20.04.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 15/2025 (30) ചൊവ്വാഴ്ച | തീയ്യതി 15/04/2025 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 16.04.2025 | 17.04.2025 | 18.04.2025 | 19.04.2025 | 20.04.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.2 | 0.5 | 0.2 | 0.2 | 0.1 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 8 | 8 | 8 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 290 | 290 | 340 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 7 | 7 | 8 | 6 | 5 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക സാധ്യത. 2025 ഏപ്രിൽ 15 മുതൽ 19 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലിനും, ശക്തമായ കാറ്റിനും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

2025 ഏപ്രിൽ 15, 16 തീയതികളിൽ ജില്ലയിൽ പരമാവധി താപനില 36 ഡിഗ്രി സെൽഷ്യസ് ആകാൻ സാധ്യതയുണ്ട്. ഉയർന്ന താപനിലയും ഈർപ്പവും കാരണം കുന്നിൻ പ്രദേശങ്ങൾ ഒഴികെയുള്ള സ്ഥലങ്ങളിൽ ചൂടും, ഈർപ്പവുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ട്.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-. മണ്ണിന്റെ ഈർപ്പം നിലനിർത്താൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്. തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരി ഇട്ടു മൂടുന്നത് നല്ലതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പൊക്കാളി) | പരിപാലനം | പൊക്കാളി നെൽകൃഷിയുടെ ആരംഭനടപടിയായി കെട്ടുകലക്കി ചെമ്മീൻ കൃഷി അവസാനിപ്പിച്ച് പൊക്കാളി പാടം വറ്റിച്ച് ത്രമ്പുകളും പുറം ബണ്ടുകളും ശക്തമാക്കുക. |
| നെല്ല്(പാലുറക്കുന്ന പരുവം) | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ മത്തി ശർക്കര മിശ്രിതം 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. അല്ലെങ്കിൽ കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ പത്ത് മില്ലി അസാഡിറാക്റ്റിൻ അല്ലെങ്കിൽ രണ്ട് മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മഞ്ഞൾ | നടീൽ | നന്നായികിളച്ചു വൃത്തിയാക്കിയ കൃഷിയിടത്തിൽ വേനൽ മഴ കിട്ടുന്നതോടെ 3 മീ. x 1.2 മീ. അളവിൽ 40 സെ. മീ. അകലത്തിൽ വാരങ്ങളെടുത്തു മഞ്ഞൾ നടാം. 160 കിലോ ജൈവവളം, 600 ഗ്രാം രാജ്ഫോസ്, 200 ഗ്രാം പൊട്ടാഷ് എന്നിവ അടിവളമായി ഒരു സെന്റിനു നൽകാം. നട്ടയുടനെ പച്ചിലകൾ കൊണ്ട് പുതയിടുക. |
| വഴുതന | കായ്തുരപ്പൻ | വഴുതനയിൽ കായ്തുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി വേപ്പിൻ കുരു സത്ത് 50 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കാവുന്നതാണ്. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |

മൃഗസംരക്ഷണം:- തൊലിപ്പുറമേ ഉള്ള പരാദങ്ങൾക്കു എതിരെ ജാഗ്രത പുലർത്തണം. പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ടു നിറം എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വെറ്റിനറി ഡോക്ടറുടെ സഹായം തേടണം. (CAADECCS KVASU, Mannuthy)